**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 270** **26-06-2024 - ൽ മറുപടിയ്ക്ക്**

**മലബാറിലെ പ്ലസ് വൺ സീറ്റുകൾ സംബന്ധിച്ച ഹൈക്കോടതിയിലെ കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | മലബാറിലെ സ്കൂളുകളിൽ പ്ലസ് വൺ സീറ്റുകൾ സംബന്ധിച്ച പ്രതിസന്ധി പരിഹരിക്കുന്നതിന് പുതിയ ബാച്ചുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്കൂൾ അധികൃതർ ഹൈക്കോടതിയിൽ നൽകിയ കേസിൽ സർക്കാർ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ; | (എ) | 2023-24 അക്കാദമിക വർഷം 27.07.2023-ലെ സ.ഉ (കൈ) നം. 106/2023/പൊവിവ, 19.8.2023-ലെ സ.ഉ (കൈ) നം. 121/2023/പൊവിവ എന്നിവ പ്രകാരം സർക്കാർ താൽക്കാലിക ബാച്ചുകൾ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. മലബാർ ഭാഗത്തു നിന്നും അധിക സീറ്റുകൾ ആവശ്യപ്പെട്ടു കൊണ്ടുള്ള പ്രൊപ്പോസലുകൾ ലഭിച്ചിരുന്നു. കൂടാതെ വിദ്യാർത്ഥികൾ കുറവുള്ള ബാച്ചുകൾ വിദ്യാഭ്യാസ ആവശ്യകത കൂടിയ സ്ഥലങ്ങളിലേക്ക് ഷിഫ്റ്റ് ചെയ്യുകയും ചെയ്തു. ആദ്യ സപ്ലിമെന്ററി അലോട്ട്മെന്റിന് ശേഷം ഇത് താലൂക്ക് അടിസ്ഥാനത്തിൽ പരിശോധിക്കുകയും ആവശ്യമായ സീറ്റുകളുടെ ലഭ്യതക്കുറവ് പരിശോധിക്കുകയും ചെയ്തു. ടി പരിശോധനയുടെ അടിസ്ഥാനത്തിലാണ് ടി അക്കാദമിക വർഷം താൽക്കാലിക ബാച്ചുകൾ അനുവദിച്ചത്. ടി ബാച്ചുകൾ താൽക്കാലിക ബാച്ചുകളായതിനാലാണ് മാനേജ്മെന്റുകളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുകയോ കമ്മിറ്റിയെ വച്ച് പരിശോധിക്കുകയോ ചെയ്യാതിരുന്നത്. 97 അധിക ബാച്ചുകൾ ഇപ്രകാരം അനുവദിക്കുകയുണ്ടായി. സ്കൂളുകൾ ഒരു യൂണിറ്റായി കണക്കാക്കാതെ താലൂക്കടിസ്ഥാനത്തിലാണ് ബാച്ചുകൾ അനുവദിച്ചത്. പെറ്റീഷണർമാരുടെ സ്കൂളുകളിൽ പുതിയ ബാച്ചുകൾ അനുവദിക്കുന്നത് ടി പ്രദേശത്തെ മറ്റ് സ്കൂളുകളിൽ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതിന് ഇടയാക്കിയേക്കും. സ്കൂളുകളിലെ സൗകര്യം മാത്രമല്ല, കോഴ്സ് കോമ്പിനേഷനിലെ വൈവിധ്യവും ഇക്കാര്യത്തിൽ കണക്കിലെടുക്കുകയുണ്ടായി. കൂടാതെ RTE പ്രകാരം എട്ടാം ക്ലാസ്സു വരെയുള്ള കുട്ടികൾക്ക് അടുത്ത സ്കൂളുകളിൽ പഠിക്കാനുള്ള അവസരം സർക്കാർ ഉറപ്പ് വരുത്തിയിട്ടുണ്ട്. ഹയർസെക്കൻഡറി RTE-യുടെ |

| | | | |
|---|---|---|---|
| | | | പരിധിയിൽ വരുന്നില്ലെങ്കിലും കുട്ടികൾക്ക് വി.എച്ച്.എസ്.ഇ, ഐടിഐ, പോളിടെക്നിക് തുടങ്ങി വിവിധ അവസരങ്ങൾ സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. പത്താം ക്ലാസ്സിൽ നിലവിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണവും കൂടി കണക്കിലെടുത്താണ് അഡീഷണൽ ബാച്ചുകൾ അനുവദിച്ചിരിക്കുന്നത്. ആവശ്യകത അനുസരിച്ചാണ് താൽക്കാലിക ബാച്ചുകൾ അനുവദിച്ചിരിക്കുന്നത് എന്നതിനാൽ ആവശ്യകത കുറയുന്നതനുസരിച്ച് ബാച്ചുകൾ അവസാനിപ്പിക്കാനും കഴിയും. താൽക്കാലിക ബാച്ചുകൾ അനുവദിച്ചതിലൂടെ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യകതയെ പൂർണ്ണമായും നിറവേറ്റാൻ സാധിച്ചു. പ്ലസ് വൺ സീറ്റില്ലെന്ന പരാതിയുമായി വിദ്യാർത്ഥികൾ കോടതിയിൽ പോയതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. |
| (ബി) | പ്ലസ് വൺ സീറ്റില്ലെന്ന പരാതിയുമായി ഒരു വിദ്യാർത്ഥി പോലും കോടതിയിൽ പോയിട്ടില്ല എന്നത് സീറ്റുകൾ ആവശ്യത്തിനുണ്ട് എന്നതിന്റെ തെളിവാണ് എന്ന വാദമാണോ സർക്കാർ കോടതിയിൽ ഉന്നയിച്ചത്; വ്യക്തമാക്കാമോ; | (ബി) | 2023-24 അക്കാദമിക വർഷം 27.07.2023-ലെ സ.ഉ (കൈ) നം. 106/2023/പൊവിവ, 19.8.2023-ലെ സ.ഉ (കൈ) നം. 121/2023/പൊവിവ എന്നിവ പ്രകാരം സർക്കാർ താൽക്കാലിക ബാച്ചുകൾ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. മലബാർ ഭാഗത്തു നിന്നും അധിക സീറ്റുകൾ ആവശ്യപ്പെട്ടു കൊണ്ടുള്ള പ്രൊപ്പോസലുകൾ ലഭിച്ചിരുന്നു. കൂടാതെ വിദ്യാർത്ഥികൾ കുറവുള്ള ബാച്ചുകൾ വിദ്യാഭ്യാസ ആവശ്യകത കൂടിയ സ്ഥലങ്ങളിലേക്ക് ഷിഫ്റ്റ് ചെയ്യുകയും ചെയ്തു. ആദ്യ സപ്ലിമെന്ററി അലോട്ട്മെന്റിന് ശേഷം ഇത് താലൂക്ക് അടിസ്ഥാനത്തിൽ പരിശോധിക്കുകയും ആവശ്യമായ സീറ്റുകളുടെ ലഭ്യതക്കുറവ് പരിശോധിക്കുകയും ചെയ്തു. ടി പരിശോധനയുടെ അടിസ്ഥാനത്തിലാണ് ടി അക്കാദമിക വർഷം താൽക്കാലിക ബാച്ചുകൾ അനുവദിച്ചത്. ടി ബാച്ചുകൾ താൽക്കാലിക ബാച്ചുകളായതിനാലാണ് മാനേജ്മെന്റുകളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുകയോ കമ്മിറ്റിയെ വച്ച് പരിശോധിക്കുകയോ ചെയ്യാതിരുന്നത്. 97 അധിക ബാച്ചുകൾ ഇപ്രകാരം അനുവദിക്കുകയുണ്ടായി. സ്കൂളുകൾ ഒരു യൂണിറ്റായി കണക്കാക്കാതെ താലൂക്കടിസ്ഥാനത്തിലാണ് ബാച്ചുകൾ അനുവദിച്ചത്. പെറ്റീഷണർമാരുടെ സ്കൂളുകളിൽ പുതിയ ബാച്ചുകൾ അനുവദിക്കുന്നത് ടി പ്രദേശത്തെ മറ്റ് സ്കൂളുകളിൽ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതിന് ഇടയാക്കിയേക്കും. സ്കൂളുകളിലെ സൗകര്യം മാത്രമല്ല, കോഴ്സ് കോമ്പിനേഷനിലെ വൈവിധ്യവും ഇക്കാര്യത്തിൽ കണക്കിലെടുക്കുകയുണ്ടായി. കൂടാതെ RTE പ്രകാരം എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് അടുത്ത സ്കൂളുകളിൽ പഠിക്കാനുള്ള അവസരം സർക്കാർ ഉറപ്പ് വരുത്തിയിട്ടുണ്ട്. ഹയർസെക്കൻഡറി RTE-യുടെ പരിധിയിൽ വരുന്നില്ലെങ്കിലും കുട്ടികൾക്ക് വി.എച്ച്. |

| | | | |
|---|---|---|---|
| | | | എസ്.ഇ, ഐടിഐ, പോളിടെക്നിക് തുടങ്ങി വിവിധ അവസരങ്ങൾ സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. പത്താം ക്ലാസ്സിൽ നിലവിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണവും കൂടി കണക്കിലെടുത്താണ് അഡീഷണൽ ബാച്ചുകൾ അനുവദിച്ചിരിക്കുന്നത്. ആവശ്യകത അനുസരിച്ചാണ് താൽക്കാലിക ബാച്ചുകൾ അനുവദിച്ചിരിക്കുന്നത് എന്നതിനാൽ ആവശ്യകത കുറയുന്നതനുസരിച്ച് ബാച്ചുകൾ അവസാനിപ്പിക്കാനും കഴിയും. താൽക്കാലിക ബാച്ചുകൾ അനുവദിച്ചതിലൂടെ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യകതയെ പൂർണ്ണമായും നിറവേറ്റാൻ സാധിച്ചു. പ്ലസ് വൺ സീറ്റില്ലെന്ന പരാതിയുമായി വിദ്യാർത്ഥികൾ കോടതിയിൽ പോയതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. |
| (സി) | പ്രസ്തുത വാദം ഹൈക്കോടതി തള്ളി എന്നത് വസ്തുതയാണോ; വിശദാംശം നൽകുമോ? | (സി) | താൽക്കാലിക ബാച്ചുകൾ അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് കോടതി റദ്ദ് ചെയ്തിട്ടില്ല. കോടതി വിധിയിൽ നിർദ്ദേശിച്ച പ്രകാരം റീജിയണൽ ലവൽ കമ്മിറ്റികൾ ചേർന്ന് റിപ്പോർട്ട് സ്റ്റേറ്റ് ലവൽ കമ്മിറ്റിക്ക് നൽകുന്നതിനും ആയത് പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ